## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

No. DR I -1/ 5/2019-KPSC

തിരുവനന്തപുരം

തീയതി: 27.05.2020

### തിരുത്തൽ വിജ്ഞാപനം

വിവിധ വകുപ്പുകളിലെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേക്ക് 15.11.2019 തീയതിയിലെ അസാധാരണ ഗസറ്റിൽ കാറ്റഗറി നമ്പർ 207/2019 പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന വിജ്ഞാപനത്തിന്റെ മലയാളം പതിപ്പ് താഴെ പറയും പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

1. കുറിപ്പ് (2) ഇപ്രകാരം ഭേദഗതി ചെയ്യുന്നു :- 03.01.2013 ലെ ജി.ഒ.(പി)1/13/എസ്.ജെ.ഡി പ്രകാരം എൽ.ഡി ക്ലാർക്ക് തസ്തികയ്ക്ക് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളുടെ 3% കാഴ്ചക്കുറവുള്ളവർ, കേൾവിക്കുറവുള്ളവർ, ചലനശേഷി കുറവുള്ളവർ / സെറിബ്രൽപാൾസി ബാധിച്ചവർ എന്നീ വിഭാഗത്തിൽപ്പെടുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി നീക്കിവച്ചിരിക്കുന്നു. റാങ്ക് ലിസ്റ്റിനോടൊപ്പം മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മാത്രമായി ഒരു പ്രത്യേക ലിസ്റ്റ് തയ്യാറാക്കുന്നതാണ്. (ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ ഡിക്ലറേഷൻ ലിങ്കിലും വെയിറ്റേജ് ലിങ്കിലും ആയത് വ്യക്തമായി രേഖപ്പെടിത്തിയിരിക്കണം). 100 ഫ്രഷ് ഒഴിവുകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിൽ 1, 34, 67 എന്നീ ക്രമനമ്പരുകളിൽ ടി ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്യുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ മെയിൻ ലിസ്റ്റിലോ സപ്ലിമെന്ററി ലിസ്റ്റിലോ ഉൾപ്പെട്ട ശാരീരിക അവശത അനുഭവിക്കുന്ന ഉദ്യോഗാർത്ഥികൾക്കുള്ള മെറിറ്റിന്റെ അടിസ്ഥാനത്തിൽ അത്തരക്കാർക്കായുള്ള പ്രത്യേക ലിസ്റ്റിലും പരിഗണിക്കുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ മെയിൻ ലിസ്റ്റ് / സപ്ലിമെന്ററി ലിസ്റ്റ് / ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക ലിസ്റ്റ് ഇവയിൽ ഏതെങ്കിലും ഒരു ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥിയെ മറ്റ് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതാണ്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം **ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് നിലവിലെ ചട്ടങ്ങൾക്കു വിധേയമായി വയസ്സിളവ് അർഹത ഉണ്ടായിരിക്കുന്നതാണ്.**

2. കുറിപ്പ് (8) ഇപ്രകാരം ഭേദഗതി ചെയ്യുന്നു :- ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ജി.ഒ (എം.എസ്)154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏതെങ്കിലുമൊരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന വ്യക്തിക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് ആ ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം അതേ വകുപ്പിലെ അന്തർ ജില്ലാ സ്ഥലം മാറ്റങ്ങളുടെ കാര്യത്തിൽ 02.12.1991 ലെ ജി.ഒ.(പി)നം.36/91/ഉ.ഭ.പ.വ എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും അന്തർ വകുപ്പ് സ്ഥലം മാറ്റങ്ങളുടെ കാര്യത്തിൽ 06.02.2013 ലെ ജി.ഒ.(പി)നം.5/2013/ഉ.ഭ.പ.വ എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 ലെ ജി.ഒ.(പ ി)12/96/പി.ആന്റ് എ.ആർ.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മേൽ പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപറഞ്ഞ ജില്ലകളിൽ നിന്ന് മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളു. **ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇരിക്കുന്നവർ വീണ്ടും ഇതേ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ പാടുള്ളതല്ല.**

പ്രസ്തുത വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

(ഉത്തരവിൻ പ്രകാരം)

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവീസ് കമ്മീഷൻ**

## KERALA PUBLIC SERVICE COMMISSION

No. DR I -1/ 5/2019-KPSC

Thiruvananthapuram
Dated: 27.05.2020

### ERRATUM NOTIFICATION

It is hereby notified that the following amendments are effected in the English version of the Gazette Notification for selection to the post of Lower Division Clerk in Various departments (Category No.207/2019) published in the Extra ordinary gazette dated 15.11.2019.

1. Note (2) is amended as :- 3% of the vacancies reported to the Commission for the above post shall be reserved for appointment of Differently Abled persons, limited to the categories of Low Vision, Hearing Impairment and Locomotor Disability / Cerebral Palsy as per G.O(P)1/13/SJD dated 03.01.2013. A separated list of such candidates shall be prepared along with the Ranked List (Differently Abled candidates must enter the details in the Declaration Link and Weightage Details Link of their profile). They shall be advised against Sl.No.1, 34, 67 in cycle of 100 fresh vacancies as per rules. Differently Abled candidates included in the Main list/Supplementary lists for reservation communities shall also be included in the list prepared exclusively for them on the basis of merit. If candidates in the list (Main list/Supplementary list / List for DA) is advised from any one of the above list on Open/Reservation/DA) quota, the name of the candidate shall be deleted from the other list(s). **"Relaxation in age will be given to the Differently Abled candidates as stipulated in the existing Acts & Rules."**

2. Note (8) is amended as :- The selection in pursuance of this notification will be made on district wise basis, subject to the special conditions laid down in G.O(Ms)No.154/71/PD dated 27.05.1971. A candidate advised for appointment in one district from the Ranked List prepared for that District is not eligible for transfer to another District for a period of 5 years from the date of commencement of regular service in the former district. Even if transfer is allowed after 5 years, it will be subject to the rules in G.O(P)No.36/91/P&ARD dated 02.12.1991 for inter district transfers in same Department and G.O(P)No.5/2013/P&ARD dated 06.02.2013 for inter departmental transfers. But as per G.O(P)12/96/P&ARD dated 16.03.1996, the condition of 5 years service is not applicable for the transfer to the Districts of Idukki, Wayanad and Kasaragod. This concession will be available only for getting transfer into these districts, but not for getting transfer out of these districts and this concession will be granted only once in the career of the Government Servant. **"Candidates already in Government Service holding the post in any one district are prohibited from applying for the post"**

Other conditions mentioned in the Notification for the post remain unchanged.

(By order of the Commission)

**Saju George**
**Secretary**
**Kerala Public Service Commission**